**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1066** **18-09-2025 - ൽ മറുപടിയ്ക്ക്**

**തീരസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ 576 കിലോമീറ്റർ ദൈർഘ്യമുള്ള തീരമേഖലയെ തീരശോഷണത്തിൽ നിന്നും സംരക്ഷിക്കാൻ ജലവിഭവ വകുപ്പ് കഴിഞ്ഞ അഞ്ച് വർഷം നടത്തിയ ശാസ്ത്രീയ പഠനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | തീരമേഖലയെ തീരശോഷണത്തിൽ നിന്നും സംരക്ഷിക്കാൻ ലോക ബാങ്കിന്റെ സഹായത്തോടെ RKPforR പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ ജില്ലകളിലായി കടലാക്രമണം രൂക്ഷമായ മേഖലകളെ തിരഞ്ഞെടുത്തു 30 കിലോമീറ്ററോളം നീളത്തിൽ സംരക്ഷണം ലഭിക്കുന്ന രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br><br>തീരമേഖലയെ തീരശോഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായുള്ള National Centre for Coastal Research (NCCR) പ്രാഥമിക പഠനം നടത്തിയിരുന്നു. കടലാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിന് രൂപരേഖ തയ്യാറാക്കാനായി വിവരങ്ങൾ ശേഖരിക്കുകയും തുടർന്ന് തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്.<br><br>കാസർഗോഡ് ജില്ലയിലെ ബേക്കൽ -കോട്ടിക്കുളം, കൊപ്പൽ, വലിയപറമ്പ, അഴിത്തല മുതൽ അജാനൂർ കടപ്പുറം വരെയും, കീഴൂർ, കാവുഗോളി, കോയിപ്പാടി-പെർവാഡ്, പെരിങ്ങടി, ഉപ്പള, ശാരദാനഗർ, മുസോടി വരെയും, ഹൊസബെട്ടു, കണ്വതീർത്ഥ വരെയുള്ള തീരപ്രദേശങ്ങൾ ഈ പ്രാഥമിക പഠനത്തിൽ പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ മാഹി അഴി മുതൽ എട്ടിക്കുളം വരെ 69.5 കി.മീ. (NCCR) തീരപ്രദേശമാണ്. ആയതിൽ മാഹി അഴിമുതൽ കൊടുവള്ളി വരെ 10 കി.മി പ്രദേശം ഹോട്ട് സ്പോട്ട് |

ഏരിയയിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത തീരപ്രദേശങ്ങളിൽ തന്നെ അതിതീവ്ര ഹോട്ട് സ്പോട്ട് സ്ഥലങ്ങളായ സെന്റ് ജോസഫ് സ്കൂൾ, പെട്ടിപ്പാലം, കുറിച്ചിയിൽ, പ്രസ് വളപ്പ് എന്നീ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി മിഷൻ ഡയക്ടറേറ്റുമായി ചേർന്ന് ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ നേതൃത്വത്തിൽ വിശദമായ പഠനം നടന്നു വരുന്നുണ്ട്. കൂടാതെ NCCRന്റെ നേതൃത്വത്തിൽ തലശ്ശേരി തീരപ്രദേശങ്ങളുടെ സംരക്ഷണ പ്രവൃത്തിക്കായുള്ള മാതൃക രൂപരേഖയും ലഭ്യമായിട്ടുണ്ട്. മലപ്പുറം ജില്ലയിലെ CESCP1491 കാപ്പിരിക്കാട് മുതൽ CESCP 1549 പൊന്നാനിലൈറ്റ് ഹൗസ് വരെയുള്ള തീരപ്രദേശം ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശമാണ്. പ്രസ്തുത തീരപ്രദേശം അതിതീവ്ര തീരശോഷണ മേഖല ആയി തിരഞ്ഞെടുത്തിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട് നൂതനമായ രീതിയിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് ജലസേചന വകുപ്പും NCCR (National center for Coastal Research) വിഭാഗവുമായി ചേർന്ന് വിശദമായ പരിശോധന നടത്തുകയും മറ്റുപഠന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കടൽ ഭിത്തിയുടെ Tentative Design തയ്യാറാക്കിയിട്ടുള്ളതാണ്. മിഷൻ ഡയറക്ടറേറ്റിൽ നിന്നും ഡിസൈൻ finalize ചെയ്യുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. കൂടാതെ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശമായ വള്ളിക്കുന്ന് പഞ്ചായത്തിലെ പരപ്പാൽ ബീച്ചിൽ അനുയോജ്യമായ തീര സംരക്ഷണ പ്രവൃത്തിക്ക് ഡിസൈൻ ലഭ്യമാക്കുന്നതിന് ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് നടത്തുന്നതിന് CWPRS പൂനെയുമായി ബന്ധപ്പെടുകയും മേൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും CWPRS ആവശ്യപ്പെട്ട തുക 18% GST ഉൾപ്പെടെ 10,41,326/- രൂപ കൈമാറിയിട്ടുള്ളതുമാണ്. അതനുസരിച്ച് CWPRS പൂനെയുമായി പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യപ്പെടുകയും ആയതിനുള്ള CWPRS ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ കോസ്റ്റൽ ഇറോഷൻ സബ് ഡിവിഷൻ കോഴിക്കോട് മുഖേന പ്രവൃത്തി നടപ്പിലാക്കി വരുന്നു. ഇപ്പോൾ പ്രവൃത്തി പുരോഗമിച്ചു വരികയാണ്. ഈ പ്രവൃത്തി പൂർത്തീകരിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ കോസ്റ്റൽ ഇറോഷൻ വിഭാഗത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് CWPRS പൂനെക്ക് കൈമാറുന്നതുമാണ്. CWPRS പൂനെയിൽ നിന്നും അനുയോജ്യമായ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക്

| | | | |
|---|---|---|---|
| | | | പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ ഹോട്ട്സ്പോട്ട് ആയി പ്രഖ്യാപിച്ച കാപ്പാട് തീരപ്രദേശത്ത് NCCR സംഘം പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ General Hotspot- Kappad Groyenes- constructions of series of Groyenes at Kappad Kozhikode district എന്ന പ്രവൃത്തിയുടെ 7626 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ) തയ്യാറാക്കുകയും ഭരണാനുമതി ലഭ്യമാക്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കോഴിക്കോട് കോർപ്പറേഷനിലെ ഭട്ട് റോഡ് ബീച്ചിൽ പുലിമുട്ടുകളുടെ ശ്രേണി നിർമ്മിക്കുന്നതിനായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ചെന്നൈ പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ ഡി.പി.ആർ അംഗീകാരത്തിനായി സമർപ്പിക്കുകയും ആയതിന് G.O (Rt) No. 740/2025/WRD തീയതി 02.09.2025 പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് കോർപ്പറേഷനിലെ കോതി, മുഖദാർ എന്നീ പ്രദേശങ്ങളിൽ CWPRS Pune പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ഡിസൈൻ പ്രകാരമുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (ബി) | തീരസംരക്ഷണത്തിനായി ജലവിഭവ വകുപ്പ് നടപ്പിലാക്കിയ ദീർഘകാല പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിരന്തരമുള്ള കടലാക്രമണത്തിൽ നിന്ന് ഏതെല്ലാം പ്രദേശങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് കടൽക്ഷോഭത്തിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി കഴിഞ്ഞ 5 വർഷങ്ങളിൽ കേരള ജലസേചന വകുപ്പ് വിപുലമായ തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. ചെറിയ അറ്റകുറ്റപ്പണികൾ മുതൽ പ്രധാന ഗ്രോയിൻ ഫീൽഡുകൾ, കടൽഭിത്തി നിർമ്മാണങ്ങൾ വരെയുള്ള പദ്ധതികൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നു. കാസർഗോഡ് ജില്ലയിൽ ഹൊസബെട്ടു, ഉപ്പള, ശാരദാ നഗർ, ഹനുമാൻ നഗർ, കാവുഗോളി, ചേരങ്കൈ, കോയിപ്പാടി, കീഴൂർ, ചെമ്പരിക്ക, പെർവാഡ്, നാങ്കി കൊപ്പളം, കസബ, കണ്ണി ജന്മ കടപ്പുറം, കോട്ടിക്കുളം കടപ്പുറം, ബേക്കൽ കടപ്പുറം, |

ബേക്കൽ പുതിയ കടപ്പുറം, പള്ളിക്കര കടപ്പുറം, തൈകടപ്പുറം, ബല്ല കടപ്പുറം, അജാനൂർ കടപ്പുറം എന്നീ പ്രദേശങ്ങളിൽ തീരസംരക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചതിലൂടെ കെ.ടി നഗർ, ആലിങ്ങൽ, പള്ളിക്കുളം, സദ്ദാംബിച്ച്, പുത്തൻ കടപ്പുറം വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി പ്രദേശവും സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ പടിഞ്ഞാറെക്കര അഴിമുഖം വരെ 5.037 കിലോ മീറ്റർ തീരം കടൽഭിത്തിയാൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. നിറമരുതൂർ പഞ്ചായത്തിലെ ഉണ്ണിയാൽ ബീച്ചിലെ തേവർ കടപ്പുറത്ത് CP 1627 നും CP 1628 നും ഇടയിൽ 15 മീറ്റർ നീളത്തിൽ കോർ ഭിത്തിയുടെ നിർമ്മാണം നടത്തിയിട്ടുണ്ട്. താനൂർ മുനിസിപ്പാലിറ്റിയിലെ ചീരൻകടപ്പുറത്ത് (അഞ്ചുടി) CP 1643 മുതൽ വടക്കോട്ട് 60 മീറ്റർ നീളത്തിൽ തകർന്ന കടൽഭിത്തിയുടെ അടിയന്തര നവീകരണം നടത്തിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ മുഖേന വടകര നിയോജകമണ്ഡലത്തിലെ ആവിക്കൽ കുരിയാടി, കുരിയാടി, കൊയിലാണ്ടി വളപ്പ്, ആനാട് പ്രദേശത്തിന്റെ ഒരു ഭാഗം, കാപ്പുഴക്കൽ (അഴിയൂർ പഞ്ചായത്ത്) എന്നീ തീര പ്രദേശങ്ങളും കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കണ്ണൻ കടവ്, കാപ്പാട്, കൊയിലാണ്ടി എന്നീ പ്രദേശങ്ങളും കോഴിക്കോട് കോർപ്പറേഷനിലെ ഡിവിഷൻ 72 ലെ കോയറോഡ്, മൂസക്കണ്ടി, തുമ്പിരിപറമ്പ്, തൈക്കട്ടം പറമ്പ്, സ്രാമ്പി പറമ്പ്, ശാന്തി നഗർ ഡിവിഷൻ 1 ൽ എലത്തൂർ സുബ്രഹ്മണ്യ ക്ഷേത്രത്തിന് അടുത്തും കപ്പക്കൽ കോയ വളപ്പ ഭാഗത്തും ഗോതീശ്വരം ഭാഗത്തും കടലുണ്ടി മുതൽ വാക്കടവ് വരെയും വാക്കടവ് മുതൽ ചാലിയം വരെയും ഉള്ള പ്രദേശങ്ങളിലും കടൽ ഭിത്തി നിർമ്മാണം/ പുനരുദ്ധാരണം നടപ്പിലാക്കിയും, ഡിവിഷൻ 57ൽ കോതിയിൽ പുലിമുട്ടുകൾ നിർമ്മിച്ചും തീരദേശ ജനതയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോഴിക്കോട് കല്ലായി നദീമുഖ ഗ്രോയിനുകളുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ തീര സംരക്ഷണത്തിനായി വകുപ്പ് ദീർഘകാല പദ്ധതികളായ ഗ്രോയിൻസ് നിർമ്മാണവും, കരിങ്കൽ കൊണ്ടുള്ള കടൽഭിത്തി നിർമ്മാണവും ഗാബിയോൺ ബോക്സ്, ടെട്രാപോഡ് എന്നിവ ഉപയോഗിച്ചുള്ള ഗ്രോയിൻസ്/കടൽഭിത്തി നിർമ്മാണവുമാണ്

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്ന പദ്ധതികൾ. ടി പ്രവൃത്തികളിലൂടെ ശംഖുമുഖം, വലിയതുറ, ചെറിയതുറ, ബീമാപള്ളി, പൂന്തുറ, വെട്ടുകാട് തുടങ്ങിയ പ്രദേശങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിൽ കാട്ടിൽമേക്കതിൽ ക്ഷേത്രത്തിനു വടക്കുവശം KMML Deposit fund ഉപയോഗിച്ച് 2 പുലിമുട്ടുകളുടെ നിർമ്മാണം ഭാഗികമായും, വെള്ളനാത്തുരുത്തിൽ IREL Deposit fund ഉപയോഗിച്ച് 4 പുലിമുട്ടുകളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. കോവിൽതോട്ടം, പുത്തൻതുറ, നീണ്ടകര എന്നീ തീരപ്രദേശങ്ങളിൽ Gabion box ഉപയോഗിച്ച് കടൽഭിത്തിയുടെ പുനർനിർമ്മാണം നടത്തി ടി പ്രദേശങ്ങളുടെ ഒരു ഭാഗം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ജലസേചന വകുപ്പിൽ നിലവിൽ സീ വാൾ, കോർ വാൾ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ താത്കാലിക സംരക്ഷണം നൽകുന്നതിനായി മണൽ നിറച്ച പോളിപ്രൊപ്പിലിൻ ബാഗുകൾ വിന്യസിച്ചും കരിങ്കൽ ഭിത്തികൾ ഉപയോഗിച്ചുമുള്ള സംരക്ഷണ പ്രവർത്തികളും ജലസേചന വകുപ്പ് മുഖേന വിവിധ തീരപ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. നേരിട്ടുള്ള കടലാക്രമണങ്ങളിൽ നിന്ന് സംരക്ഷണം ഉറപ്പാക്കുക, പ്രദേശവാസികളുടെ ജീവൻ സംരക്ഷിക്കുക, പൊതു അടിസ്ഥാന സൗകര്യങ്ങളും കെട്ടിടങ്ങളും സംരക്ഷിക്കുക എന്നിവയായിരുന്നു ഈ അടിയന്തര പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) | തീരസംരക്ഷണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ജലവിഭവ വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | തീരസംരക്ഷണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 10 വർഷത്തിനിടയിൽ കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല. |
| (ഡി) | തീരദേശ ജനതയുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം നിറവേറ്റാൻ ഏതെല്ലാം വിഭവസമാഹരണ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകാമോ? | (ഡി) | തീരദേശ ജനതയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക സംസ്ഥാന സർക്കാരിന്റെ പ്രധാന ഉത്തരവാദിത്തമാണ്. ഇതിനായി സാമ്പത്തിക സഹായങ്ങളും, സ്ഥാപനപരമായ സംവിധാനങ്ങളും, ശാസ്ത്രീയ പിന്തുണയും, പങ്കാളിത്ത വകുപ്പുകളുടെ സഹകരണവും ഒരുമിച്ചുള്ള വിഭവസമാഹരണ മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടത്.<br><br>1 **സാമ്പത്തിക സഹായങ്ങൾ**: സംസ്ഥാന ബജറ്റ്, കിഫ്ബി, NABARD/RIDF, കേന്ദ്ര സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | വിവിധ പദ്ധതികൾ, ദുരിതാശ്വാസ ഫണ്ടുകൾ (SDRF), NDMF, ലോക ബാങ്ക്, ADB മുതലായവ.<br><br>2 **<u>സ്ഥാപനപരമായ സംവിധാനങ്ങൾ</u>**: വലിയ തീരസംരക്ഷണ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി KIIDC, മിഷൻ ഡയറക്ടറേറ്റ് പോലുള്ള പ്രത്യേക വിഭാഗങ്ങൾ രൂപീകരിക്കുന്നത്.<br><br>3.**<u>ശാസ്ത്രീയ പിന്തുണ</u>** NCCR, NIOT, NCSCM, NIO, CWPRS, CWRDM, KUFOS കേന്ദ്ര/ സംസ്ഥാന ഏജൻസികളിൽ നിന്നുള്ള ശാസ്ത്രീയ സാങ്കേതിക സഹായം ലഭ്യമാക്കൽ.<br><br>4 **<u>പങ്കാളിത്ത വകുപ്പുകളുടെ സഹകരണം</u>**; ഫിഷറീസ്, തദ്ദേശസ്വയംഭരണം, KSDMA, ഹാർബർ, KCZMA തുടങ്ങിയ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കൽ. |

സെക്ഷൻ ഓഫീസർ